മിസ്റ്റർ ബി. വി. കെ. മേനോൻ : ഇപ്പോഴത്തെ പതിവനുസരിച്ച് ചുങ്കം എത്രയാണ് കളക്'റേറ ചെയ്യിട്ടുള്ളതെന്നു അറിയാൻ പ്രയാസമില്ല. ഇനി ടാക്സേഷൻ വന്നാലാണ് എത്രയാണ് എന്നു അറിയാൻ സാധിക്കാതെ വരുന്നതു.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : കുറഞ്ഞ കാലത്തു എത്ര എന്നും കൂടിയ കാലത്തു എത്ര എന്നുമുള്ള കണക്കെടുത്തു ആ തോതുവെച്ചു ഒരു തുക മുനിസിപ്പാലിറ്റിക്കു നഷ്ടം വരാത്ത തരത്തിൽ ഒരു തുക നിശ്ചയിച്ചു കൊടുക്കരുതെ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നഷ്ടം വരാത്തതരത്തിൽ കൊടുക്കണമെന്നാണു ഉദ്ദേശം. മുനിസിപ്പാലിറ്റിക്കു നഷ്ടംവരുത്തണമെന്നു ഗവണ്മെണ്ടിനുദ്ദേശമില്ല.

Motion put and carried

5. The Cochin Government Savings Banks Bill

Rao Sahib P. V. Raphael *(Comptroller of Finance and Accounts):* Sir, I move that the Cochin Government Savings Banks Bill be taken up and finally passed.

Mr. M. Sivarama Menon *(Advocate-General):* I second it.

Motion put and carried

NON-OFFICIAL RESOLUTIONS

Constitution of commitee to enquire into and report on the bribery and Corruption among servants of Government—*(Cont.)*

മിസ്റ്റർ എം. ഐ. പോൾ: സർ, നമ്മളുടെ മഹാരാജാവുതിരുമനസ്സുകൊണ്ടു അവിടത്തെ ഭരണക്രമത്തിൽ പെട്ടിട്ടുള്ള ഭരണാധികാരികൾക്കു ഉദ്യോഗം നൽകുന്ന അവസരത്തിൽ തന്റെ എല്ലാപ്രജകൾക്കുംവേണ്ടി ഭംഗിയായ ഒരു ഭരണം ഉണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടി കൈക്കൂലിയൊ മറ്റു മർദ്ദനമൊ ഒന്നും കൂടാതെ, യാതൊരു അധർമ്മവും പ്രജകളോടു പ്രവൃത്തിക്കരുതെന്നുള്ള ഉദ്ദേശ്യത്തോടുംകൂടിയാണു ഈ ഭരണ വകുപ്പുകളിലുള്ള ഉദ്യോഗസ്ഥന്മാർക്കും മറ്റു എല്ലാവർക്കും ഉദ്യോഗം കൊടുക്കുന്നതു. എന്നാൽ ഉദ്യോഗം കിട്ടിയതിനുശേഷം എന്തൊക്കെയാണു അവർ ചെയ്യുന്നതെന്നുള്ളകാര്യം നമ്മൾ അറിയേണ്ടതാണു. നമ്മുടെ മഹാരാജാവു് തിരുമനസ്സിനു ക്ഷേമമായി അന്വേഷണം നടത്തുന്നതിനൊ, അതെപ്പറ്റി ചിന്തിച്ചറിയുന്നതിനൊ യാതൊരുനിവൃത്തിയുമില്ലെന്നു് നമുക്കു് നല്ലപോലെ അറിയാം. എന്നാൽ അങ്ങിനെ ഒരു തിരുമനസ്സിലെ ഭരണത്തിൻകീഴിൽ പ്രജകളായി ജീവിക്കുന്ന നമുക്കു് ഭരണാധികാരികൾ വല്ലതെറ്റും ചെയ്യുന്നുണ്ടെങ്കിൽ തിരുമനസ്സിനെ അറിയിക്കേണ്ടതു് നമ്മുടെ ചുമതലയാണു്. അങ്ങിനെ ചുമതലാബോധത്തോടുകൂടി നാം പ്രവർത്തിക്കുമ്പോൾ, പ്രത്യേകിച്ചു" നിയമസഭയിലുള്ള നമ്മൾ, നമ്മുടെ ചുമതല നിർവ്വഹിക്കുവാൻ തിരുമനസ്സിച്ചതിന്റെ ഫലമായിട്ടാണു് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ഭരണക്രമത്തിൽ പെട്ടിട്ടുള്ള ചില ഡിപ്പാർട്ട്മെൻറുകളെ സംബന്ധിച്ചു നമുക്കാലോചിക്കാം. ആദ്യമായി പോലീസ് വകുപ്പിനെ സംബന്ധിച്ചാണു് പറയുവാനുള്ളതു്. ഇന്നു് പോലീസ് വകുപ്പിൽ പെട്ടിട്ടുള്ള അധികാരികൾ പലതും പ്രവർത്തിക്കുന്നുണ്ടെന്നു് നമുക്കു് നല്ലപോലെ അറിയാം. വ്യക്തിപരമായി അവരെ ചൂണ്ടികാണിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അവർ കാണിക്കുന്ന ചില കൊള്ളരുതായ്മകളെ സംബന്ധിച്ചുമാത്രമെ വിസ്തരിക്കുന്നുള്ളൂ. ഞാൻ പറയുന്നകാര്യങ്ങളെ സംബന്ധിച്ചു് വേണ്ടത്തക്ക തെളിവുകൾ കൊടുക്കുന്നതിനു് ഞാൻ സന്നദ്ധനാണു്. രാജ്യരക്ഷാനിയമം ഇവിടെ ആവിർഭവിച്ചതോടുകൂടി പോലീസ്, സപ്ലൈസ് എന്നീ ഡിപ്പാർട്ട്മെൻറുകളിലെ ആളുകൾ, പെർമിറോടുകൂടിയും, പെർമിറുകൂടാതെയും, കിട്ടുന്ന സാമാനങ്ങൾ, അന്യദിക്കുകളിലേക്കു് കടത്തികൊടുക്കുന്നതും മറ്റും ചെയ്യുന്നതായി നമുക്കു് നല്ലപോലെ അറിയാം. അനാവശ്യമായി സാധനങ്ങൾ വാങ്ങിച്ചു് പോലീസ് തന്നെ ബ്ലാക്കു് മാർക്കറ്റിൽ വില്പാൻ അന്യസ്ഥലങ്ങളിലെ ആളുകൾക്കു് അയച്ചുകൊടുക്കുന്നു. പോലീസ്സ് കൺട്രോളിൽപ്പെട്ടിട്ടുള്ള സാധനങ്ങൾ സ്വന്തം പണം കൊടുത്തു് മറ്റുള്ളവരെക്കൊണ്ടു് രഹസ്യമായി വാങ്ങിപ്പിക്കുകയും കേസ്സുകൾ റജിസ്റ്റു ചെയ്യുകയും തല്ലുകയും പണംവാങ്ങിക്കുകയും മറ്റു പലവിധത്തിലും ജനങ്ങളെ അക്രമിക്കുകയും ചെയ്യുന്നുണ്ടു്. ഇങ്ങിനെയുള്ള പല അക്രമങ്ങളും പോലീസ് നടത്തുന്നുണ്ടെന്നു് നമുക്കു് നല്ലപോലെ അറിയാം. കൂടാതെ പോ

LIBRARY ARCHIVES Kerala Legislative Assembly

പീസ് ചിലമുതലാളിമാരുടേയും, ജന്മികളുടേയും പണംവാങ്ങിച്ചുകൊണ്ട് അവരുടെ താല്പര്യങ്ങൾക്ക് വിരോധമായി പ്രവർത്തിക്കുന്ന വ്യക്തികളെ സ്റ്റേഷനിൽ കൊണ്ടുവന്ന തല്ലുകയും കൊല നടത്തുകയും ചെയ്തിട്ടുള്ള സംഗതികളും ഉണ്ട്. തെളിവ് കൊടുക്കുവാൻ തയ്യാറാണ്. അടുത്തു, കഴിഞ്ഞ തൊയറാഴ്ചതന്നെ പ്രജാമണ്ഡലത്തിന്റെ ഒരു പ്രചരണയോഗം മാലിപ്പുറത്തു വെച്ചു കൂടിയ സമയം, ഒരു കൂട്ടി എന്നോട് പറഞ്ഞു "എന്റെ അപ്പൻ പോലീസ് മർദ്ദനത്താൽ അടുത്തകാലത്തു മരിച്ചു എന്നു". ഈയ്യിടെയായി മാലിപ്പുറത്തു ചില ഡിന്നറുകൾ നടന്നു. സാധാരണ ഡിന്നറല്ല. ഒരു പക്ഷെ കമ്പിയിട്ട കൂപ്പികളും അതിൽപ്പെടും. അത്തരം ഒരു ഡിന്നറിൽ ചില പോലീസുദ്യോഗസ്ഥന്മാർ സംബന്ധിക്കുകയും ആ ഡിന്നർ നടത്തിയ ആളുടെ പ്രേരണയാൽ അയാളുടെ വിരോധിയായ ഒരു വ്യക്തിയെ ശക്തിയായി തല്ലുകയും കഠിനമായി മർദ്ദിക്കുകയും ചെയ്തതിന്റെ ഫലമായി അയാൾ ആസ്പത്രിയിൽ മുന്നു മാസം കിടക്കുകയും ആസ്പത്രിയിൽനിന്നു പോന്നിട്ട് ഉടനെതന്നെ മൃതിയടയുകയും ചെയ്തു. ഇങ്ങിനെയുള്ള പല അക്രമങ്ങളും പോലീസ് വകുപ്പിലുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ. അടുത്തകാലത്തു തന്നെ പെരുമാന്തുർ നടന്ന സംഭവത്തെക്കുറിച്ചു നമുക്കറിയാം. പ്രതിഷേധ സൂചനയായി കരിങ്കൊടി പ്രകടനം നിയമപരിധിയിൽപ്പെട്ട ഒരു സംഗതിയാണു. പെരുമാന്തുർ കൂട്ടികൾ എന്തൊ പ്രതിഷേധാർത്ഥം കരിങ്കൊടി കാണിക്കുന്നതിനു തുനിയുകയും, സമാധാനപരമായി റോഡിൽക്കൂടി കൂട്ടികൾപോയപ്പോൾ അവരോടു പോലീസ്ദ്യോഗസ്ഥന്മാർ അക്രമങ്ങൾ പ്രവൃത്തിക്കുകയും അവരുടെ ചിലപ്രവൃത്തികൾ കൊണ്ടു അവിടെ ചിലപ്പോൾ അനിഷ്ട സംഭവങ്ങൾ നടക്കുകയും ചെയ്തതായി നമ്മൾ അറിയുകയുണ്ടായി. ഇതു പോലീസിന്റെ പ്രവൃത്തിദോഷം കൊണ്ടു സംഭവിച്ചതോ അല്ല കുട്ടികളുടെ പ്രവൃത്തിദോഷം കൊണ്ടു സംഭവിച്ചതോ എന്നറിയാൻ സാധിച്ചിട്ടില്ല. ഇതിനെകുറിച്ചു പരസ്യമായി ഒരന്വേഷണം നടത്തിയാൽ സംഗതികൾ തെളിയുന്നതാണു. അതിനുശേഷം ഇതിന്റെ ഫലമായി മിസ്റ്റർ ചെറിയാൻ മാഞ്ഞൂരാനെ അറസ്റ്റുചെയ്തു യാതൊരു കോർട്ടുവിചാരണയുംകൂടാതെ തടങ്കലിൽ വെയ്ക്കുകയും ചെയ്തു. മിസ്റ്റർ ചെറിയാൻ മാഞ്ഞൂരാനൊ അല്ല വേറെവല്ല ആളുകളുമാണൊ കുറ്റം ചെയ്തതു എന്നറിഞ്ഞുകൂടാ. ഇതിനെകുറിച്ചു പരസ്യമായി അന്വേഷണം നടത്തിയാൽ വാസ്തവമറിയാൻ കഴിയും. എന്റെ അന്വേഷണത്തിൽ പോലീസ് ഒരു സ്ത്രീകൂട്ടിയെ കഠിനമായി മർദ്ദിക്കുകയും ലാത്തിപ്രയോഗം നടത്തുകയും ചെയ്തുകൊണ്ടു അവർ ക്ഷോഭിച്ചു സ്വയരക്ഷക്കുവേണ്ടി കല്ലെറിയുകയും ചെയ്തുവെന്നാണു.

Mr. K. S. Panicker *(Tricur-Ezhuvas):* On a point of order, Sir, is it relevent to the resolution under discussion?

Mr. M. I. Paul *(Narakkal):* I think it is relevent because the Police also interefered and they have done some mischief.

Mr. K. S. Panicker *(Trichur-Ezhuvas):* Sir, we want a ruling of the Chair.

Mr. President: The resolution is not dealing with the general conduct of the Police Department, it is asking for a committee to enquire into charges of corruption against government servants. The Hon'ble Member will kindly confine himself to that aspect alone.

Mr. M. I. Paul *(Narakkal):* Sir, in that incident if the Police had not interfered, I could not explain such a thing here, but I believe that the Police interefered in such a matter on corruption. I believe so. I request the President that I may be allowed to explain the matter in the Council, because this resolution deals with corruption and bribery.

Mr. President: If the Hon'ble Member can bring direct allegations of corruption, he may do so. If it is merely inference.....

Mr. M. I. Paul *(Narakkal):* I leave it there, Sir.

ഞാൻ മുമ്പു പ്രസ്താവിച്ചതനുസരിച്ചു പോലീസിന്റെ മർദ്ദനവും അതെ, ചില കൊലപാതകങ്ങളും നടന്നതിനെ സംബന്ധിച്ചു തെളിവുകൊടുക്കുവാൻ തയ്യാറാണു. ഞാൻ പോലീസിന്റെ കാര്യം മാറ്റിവെയ്ക്കുന്നു. സബ്ഡിപ്പാർട്ടുമെന്റിനെകുറിച്ചു ഞാൻ മുമ്പു പ്രസ്താവിച്ചു. പെർമിറ്റുകിട്ടണമെങ്കിൽ അതിനു ഉദ്യോഗസ്ഥന്മാർക്കുപണം കൊടുക്കണം. ഉദ്യോഗസ്ഥന്മാർക്കു പണംകൊടുക്കാതെ ആവശ്യമുള്ള സാധനങ്ങൾ കിട്ടുകയില്ല. ഇതിനെ സംബന്ധിച്ചു കമ്മിറ്റിയുടെ മുമ്പാകെ തെളിവുകൊടുക്കുവാൻ തയ്യാറാണു. നല്ലനല്ലവസ്ത്രങ്ങൾ ശേഖരിച്ചു ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ അവരുടെ സ്നേഹിതന്മാർക്കു കൊടുക്കുന്നു. പോലീസിനെ സംബന്ധിച്ചു ഒരു ചെറിയ സംഗതി എന്റെ നാട്ടിൽ നടന്നിട്ടുള്ളതു ഞാനിവിടെപറയാം. ഞാറയ്ക്കൽ ധാരാളം കളവുകൾ നടക്കുന്നുണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്നു കളവുകൾ നടന്നിട്ടുള്ളതായി കക്ഷികൾ എന്നോടുപറഞ്ഞു. ഞാൻ പോലീസിന്റെ അടുക്കൽ അറിവും കൊടുത്തിട്ടുണ്ട്. പക്ഷേ ഒന്നു, ഒന്നരകൊല്ലമായിദിനംപ്രതി നടക്കുന്ന ഈ കളവുകളെ കുറിച്ചു പോലീസ് യാതൊന്നും അന്വേഷിക്കുന്നില്ല. നേരെമറിച്ചു ഒരു വ്യക്തിക്കു മറ്റൊരുവ്യക്തിയോടു വിദ്വേഷമുണ്ടെങ്കിൽ പോലീസിനു പണംകൊടുത്താൽ ആ വ്യക്തിയെ പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി തല്ലുന്നതിനു യാതൊരു വിഷമവുമില്ല. ഇങ്ങിനെയുള്ള പലകാര്യങ്ങളും നാട്ടിൻ പുറങ്ങളിൽനടക്കുന്നുണ്ട്. എന്നു വേണ്ട കളവുകൾതന്നെ ചിലതുപോലീസ് പണം വാങ്ങിഒതുക്കുന്നുണ്ടെന്നും എനിക്കറിയാം. ഈ വകകാര്യങ്ങളെകുറിച്ചു ഞാൻ കൂടുതൽ പറയുന്നില്ല. പോലീസും സബ്ഡിയും മാത്രമല്ല സകല ഡിപ്പാർട്ടുമെന്റുകളും ഇങ്ങിനെ കറപ്ഷൻ നടത്തുന്നുണ്ടെന്നു എനിക്കറിയാം. ഞാറയ്ക്കൽ പോലീസിനെകുറിച്ചു ഒന്നു കൂടി ഊന്നി പറഞ്ഞുകൊള്ളുന്നു. അവിടത്തെ എസ്. ബി. ഹെഡ്കോൺസ്റ്റബിൾ പോലീസുമായി സഹകരിച്ചു പലഅക്രമങ്ങളും ചെയ്തിട്ടുണ്ട്. എസ്. ബി. യിൽ പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ജോലിയഥാർത്ഥത്തിൽ എന്താണെന്നു അറിഞ്ഞുകൂടാ. അവർക്കു മറ്റുപോലീസുകാരെപോലെതന്നെ ക്രിമിനൽ കേസുകൾ അന്വേഷിക്കലാണൊ അതൊ, വ്യക്തികളുടെ രാഷ്ട്രീയമായ പ്രവർത്തനങ്ങൾ അന്വേഷിച്ചറിഞ്ഞു ഗവർമ്മേണ്ടിനു അറിവുകൊടുക്കലാണൊ എന്താണെന്നു അറിഞ്ഞുകൂടാ. സി. ഐ. ഡി. കൊച്ചിയിൽ ഇല്ലെന്നു മുമ്പൊരിക്കൽ ഗവർമ്മേണ്ടിൽനിന്നു ഈ നിയമസഭയിൽ മറുപടി പറഞ്ഞിട്ടുണ്ട്. പിന്നെ ഈ സ്പെഷ്യൽ ബ്രാഞ്ചു എന്താണെന്നു ഇതുവരെ ആർക്കും മനസ്സിലായിട്ടില്ല. ഏതായാലും ഞാറയ്ക്കലുള്ള എസ്. ബി. ഉദ്യോഗസ്ഥന്മാർ അവിടത്തെ പോലീസുമായി ചേർന്നു പലഅക്രമങ്ങളും നടത്തുന്നുണ്ട്.

Mr. President: I would remaind the Hon'ble Member that he has already exceeded his time and I would ask him to draw his remarks to a close.

മിസ്റ്റർ എം. ഐ. പോൾ: അതുകൊണ്ടു ഇങ്ങിനെ ഒരു കമ്മിറ്റിയുടെ ആവശ്യത്തെകുറിച്ചു പ്രത്യേകിച്ചു പറയേണ്ടതില്ല. ഈ കമ്മിറ്റിയെ സ്ഥാപിച്ചാൽ ഭരണകൂടത്തിൽ നടക്കുന്ന അക്രമങ്ങളെ സംബന്ധിച്ചു മഹാരാജാവു തിരുമേനിയുടെ സമക്ഷത്തിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കും. ഈ റസലൂഷനെ ഈ നിയമസഭ അംഗീകരിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. അഥവാ, ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ ഇതിൽനിന്നു പിൻമാറുന്ന പക്ഷം അപ്പോൾ മനസ്സിലാക്കാം ഇവിടെ അക്രമങ്ങൾ നടക്കുന്നുണ്ടെന്നും, ആ സംഗതികൾ വെളിച്ചത്തുകൊണ്ടുവരാൻ തയ്യാറില്ലെന്നും ജനങ്ങൾക്കു ബോദ്ധ്യമാകുമെന്നും അങ്ങിനെ തോന്നാതിരിക്കാൻ ഭരണാധികാരികൾ ഇതിനെ പിന്താങ്ങണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഏറ്റവും വലിയ ഉദ്യോഗസ്ഥന്മാർ മുതൽ ഏറ്റവും ചെറിയ ഉദ്യോഗസ്ഥന്മാർവരെയുള്ളവർ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങളും കൈക്കൂലിയും ഇന്നു ഈ നിയമസഭയിൽ അറിയിച്ചുകഴിഞ്ഞു. ഞാൻ അടുത്തു ഒരു പത്രത്തിൽ വായിച്ചു; അതായതു് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു പണസംബന്ധമായ ഏതെങ്കിലും വിഷമമുണ്ടെങ്കിൽ അല്ലെങ്കിൽ പണം സമ്പാദിക്കണമെന്നുണ്ടെങ്കിൽ ഉടനെ ഫുഡ് ഡയറക്ടരുടെ അടുക്കൽചെന്നു ഒരു ഫീൽഡാപ്പീസ്സരുടെ ഉദ്യോഗം മേടിച്ചാൽ മതി എന്നാണു്. മുന്നൂറു ഉറുപ്പിക ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനു ഇപ്പോഴത്തെ ഫീൽഡാപ്പീസ്സറുടെ ഉദ്യോഗം സ്വീകരിക്കാം. ഒരു ഓവർസിയർ അദ്ദേഹം ഇപ്പോൾ പെൻഷ്യൻപറ്റി എന്നാണു തോന്നുന്നതു്. അദ്ദേഹത്തിന്റെ മകൻ ബി. എ. തോറ്റപ്പോൾ പറഞ്ഞതു കൺട്രാക്ടരുടെ കഷ്ടകാലമാണെന്നാണു്. അതായതു ഒരു കൊല്ലത്തെ പഠിത്തച്ചിലവുകൂടി കൺട്രാക്ടക്കു നഷ്ടമായി എന്നാണു് അദ്ദേഹം പറഞ്ഞതു്. പിന്നെ എക്സൈസ്സ് ഡിപ്പാർട്ടുമെന്റു്, "വേലിതന്നെ വിളവു തിന്നുന്നു" വെന്നു പറയേണ്ട കുട്ടരാണു് എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഉള്ളതു്. രണ്ടു കുപ്പി "ജിൻ" ഉണ്ടെങ്കിൽ ഇന്നു എതു കാര്യവും ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുമെന്നാണു് എന്റെ അറിവു്. ഒരാൾ പാർസ് ജിൻ കൊണ്ടുചെന്നു കൊടുത്തപ്പോൾ അതുകുടിച്ചാൽ എന്റെ കഴുത്തിൽ വേദനയുണ്ടാകുമെന്നു പറഞ്ഞതിനാൽ അയാൾ ദയ കാട്ടി ഇംഗ്ലീഷ് ജിൻ കൊണ്ടുകൊടുത്തതായി എനിക്കറിയാം. അതിനെ സംബന്ധിച്ചു ഇവിടെ ചോദ്യം ചോദിച്ചിട്ടു അതിനു മറുപടിപോലും കിട്ടിട്ടില്ല. ഇതിലും ഭീകരമാണു് അന്തിക്കാട്ടു നടന്ന അക്രമങ്ങൾ. അവിടത്തെ പ്രക്ഷോഭണങ്ങളെ അമർത്താനെന്നു പറഞ്ഞു അവിടെ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ അഞ്ചുപേർ

LIBRARY ARCHIVES Kerala Legislative Assembly

അവസാനം ശ്രീ കൈക്കൂലി മേടിച്ചുവെന്ന ആക്ഷേപങ്ങളുണ്ടായിട്ട അതിനെക്കുറിച്ചു ഇതെ വരെ അന്വേഷണം നടത്തീട്ടില്ല. ഇതിനെക്കുറിച്ചു പല ചോദ്യങ്ങളും കൌൺസിലിൽ വന്നിട്ടുണ്ട്. പലരും Statement അതിനെസംബന്ധിച്ചു കൊടുത്തിട്ടുണ്ട്. അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുപോലെതന്നെ ലാൻറ് റിക്കാർഡു സൂപ്രഡെണ്ടിനെ സംബന്ധിച്ചു ശ്രീ വണ ബഹുമാനപ്പെട്ട പല മെമ്പർമാരും ചോദ്യം ചോദിച്ചിട്ടുള്ളതാണു്. പക്ഷെ ആ ഉദ്യോഗസ്ഥനെയാണു ഇപ്പോൾ ദിവാൻപേഷ്കാരായി നിയമിക്കുവാൻ പോകുന്നതെന്നുകൂടി കുന്നതു്. ഇങ്ങിനെയുള്ള അക്രമങ്ങളും നടത്തുന്ന ഉദ്യോഗസ്ഥന്മാക്ക പ്രോത്സാഹനമാണു് ഗവൺമെൻറു കൊടുക്കുന്നതെങ്കിൽ ഈ കമ്മറിയെ നിയമിച്ചതുകൊണ്ടൊന്നും പ്രയോജനം ഇല്ല. റജിസ്ട്രു് ആപ്പീസ്സിൽചെന്ന നോക്കിയാൽ അറിയാം ഈ ഉദ്യോഗസ്ഥന്മാരുടെ ഭാര്യ്മാരുടേയും മക്കളുടേയുംപേരിൽ വാങ്ങിച്ചിട്ടുള്ള വസ്തുക്കളുടെ കണക്കു്. ഇതിന്നൊക്കെ തെളിവുകൊടുക്കാൻ ഞാൻ തയ്യാറാണു്. എക്സൈസ് വകുപ്പിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചു എനിക്കു നേരിട്ടറിയാം. ആ ജിൻ കൊടുത്തിട്ടുള്ള കക്ഷിയോടു ഒരു സ്റ്റോറുമെണ്ടു തരാൻ ഞാൻ പറയുകയുണ്ടായി. അപ്പോൾ അയാൾ എന്നോടു പറഞ്ഞതു് "അയ്യോ, സാറെ, എന്നാൽ എനിക്കിനി കള്ളുഷാപ്പു കൊണ്ടുനടക്കുവാൻവിഷമമായിരിക്കും" എന്നാണു്. അതുകൊണ്ടു അങ്ങിനെയുള്ളവരുടെ അടുക്കൽനിന്നു സ്റ്റോറുമെണ്ടുകൂടി കിട്ടുവാൻ വിഷമമായിരിക്കും. എന്നാൽ ഈ മാതിരിയുള്ള അക്രമങ്ങളും എന്നും ഈ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും നടക്കുന്നുണ്ടു. ഇവരെ ഒക്കെ ഒതുക്കണമെങ്കിൽ അന്വേദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മിറിയെ നിയമിച്ചു അന്വേഷണം നടത്തി കുറക്കാക്കു തക്ക ശിക്ഷ കൊടുക്കേണ്ടതാണു്. ഇതാണു എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. കൊച്ചിയിൽ കൈക്കൂലി ഉണ്ടായിരുന്നില്ല. ഇതു പരക്കെ സമ്മതിച്ചിരുന്ന കാര്യ്മാണു്. സ്ഥാനത്യാഗംചെയ്ത മഹാരാജാവു തിരുമനസ്സിലെകാലത്തു കൈക്കൂലി ഉണ്ടായിരുന്നില്ലെന്നാണു് ഞാൻ അറിയുന്നതു്. എന്നാൽ ഇന്നു കമ്പിക്കാലുകൾ മാത്രമെ കൈക്കൂലി വാങ്ങിക്കാതെയിരിക്കുന്നുള്ളു. എത്രമാത്രം പരിതാപകരമായ ഒരു പരിതഃസ്ഥിതിയാണിതു്? മഹാരാജാവു തിരുമനസ്സിലെ സൽപ്പേരിന്നുവേണ്ടി, ഇവിടത്തെ ഉദ്യോഗസ്ഥന്മാർ കറപ്ഷനിൽ പെട്ടിട്ടുള്ളവരല്ലെന്നു ബോദ്ധ്യപ്പെടുത്താൻവേണ്ടി, ഒരുനാൾ-ഒഫീഷ്യൽ കമ്മിറിയെനിയമിച്ചു അന്വേഷണം നടത്തി കുറക്കാക്കു തക്കതായ ശിക്ഷ കൊടുക്കണമെന്നാണു എനിക്കു ഗവൺമെണ്ടിനൊടു പറയുവാനുള്ളതു്. കൊച്ചിയുടെ തെക്കു കിഴക്കൻപ്രദേശങ്ങളിൽനിന്നു ധാരാളം നെല്ലും തുലുംമറ്റും തിരുവിതാംകൂറിലേയ്ക്കു കടത്തിക്കൊണ്ടുപോകുന്നുണ്ടു്. ഇതു എക്സൈസ് വകുപ്പു് അറിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ അവിടത്തെ ഉദ്യോഗസ്ഥന്മാർ പ്രാപ്തന്മാരല്ലെന്നു പറയേണ്ടിവരുന്നു. ഈ ഉദ്യോഗസ്ഥന്മാർ പ്രാപ്തന്മാരല്ലെന്നു പറയുവാൻ ഞങ്ങളും തയ്യാറില്ല, ഈ സാധനങ്ങളും തിരുവിതാംകൂറിലേയ്ക്കു കടന്നുപോകുന്നതു കൈക്കൂലി വാങ്ങിയിട്ടാണെന്നു പറയാതെ തരമില്ല. ഇതിലും വലിയൊരുകാര്യ്ം അധഃകൃതമർദ്ദനമാണു്. കൊച്ചിയുടെ വടക്കെ അറ്റം മുതൽ തെക്കെ അറ്റംവരെ അധഃകൃതമർദ്ദനം നടക്കുന്നുണ്ടു്. അതിനെപ്പറ്റി വലിയ അന്വേഷണമൊന്നും അധികാരപ്പെട്ടവർ ചെയ്യുന്നില്ല. ഇതിൽനിന്നു തെളിയുന്നതു പണം ഇല്ലാത്തവക്കു അവൻെറ കാര്യ്മൊന്നും നടക്കയില്ല എന്നാണു്. പണക്കാർ എത്രതന്നെ വലിയ തെറ്റുചെയ്താലും അവക്കു കുറവില്ല. ഇതിൽനിന്നു രക്ഷ വേണമെങ്കിൽ കൈക്കൂലി ഇല്ലാതെയാകണം. പോലീസ് അധികാരികളിൽ ഈ അനീതി ഇല്ലാതെ ആയാൽമാത്രമെ ഇവിടത്തെ ജനങ്ങൾക്കും ഇവിടത്തെ ഗവൺമെണ്ടിൽനിന്നു നീതിയും ന്യായവും കിട്ടുകയുള്ളു. മറെറാരുകാര്യ്ം ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിക്കുന്നതാണു്. ബഹുമാനപ്പെട്ട കൺസർവേററർ ആവേശജനകമായി പറഞ്ഞു അദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെണ്ടിൽ ഈവക ഒന്നും കാണുക ഇല്ലെന്നു്. എന്നാൽ ബഹുമാനപ്പെട്ട ഊരകംമെമ്പർ അതു ശരിയല്ല, ചില മാമൂലുകൾ അവിടെ ഉണ്ടെന്നു പറഞ്ഞുകഴിഞ്ഞു. ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽനിന്നു് പാവപ്പെട്ട പറയർക്കു വട്ടി, കുട്ട, പനമ്പു മുതലായവ ഉണ്ടാക്കാൻ, വനത്തിൽനിന്നും മുളകൊണ്ടുവരുന്നതിനു് സൌജന്യമായി പെർമിററുകിട്ടുന്നുണ്ടു്. എന്നാൽ ആ പെർമിററുകിട്ടുന്നതിനു അവർ വളരെ വളരെ വിഷമങ്ങൾ അനുഭവിക്കുന്നുണ്ടു്. ഈ പെർമിററുകൾ ലഭിക്കണമെങ്കിൽ ചില ഉദ്യോഗസ്ഥന്മാക്കു കുടയും വട്ടിയും മററും കാഴ്ചയൊക്കണം. മാസംതോറും ഒരു തുക കൊടുക്കണം. അതു കൊടുത്തില്ലെങ്കിൽ അവരെ നടത്തി നടത്തി വട്ടം കറക്കുകയാണു ചെയ്യുക. ഇതിനെസംബന്ധിച്ചു ഞാൻ ഒരു ഫോറസ്റ്റ് അധികാരിയോടു പറഞ്ഞപ്പോൾ അദ്ദേഹം അന്വേഷിക്കാമെന്നു പറയുകയുണ്ടായി. ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചു പാവപ്പെട്ട പറയർ തെളിവു കൊടുക്കുവാൻ തയ്യാറാണെന്നു ഞാൻ പറയുന്നു. ഇങ്ങിനെ പല അക്രമങ്ങളും നടക്കുന്നുണ്ടു്. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടത്തെ ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരൊ പോലീസു ഉദ്യോഗസ്ഥന്മാരൊ കൈക്കൂലി വാങ്ങിക്കുന്നുണ്ടെങ്കിൽ അതിലെന്താണതൃപ്തമാണുള്ളതെന്നു എനിക്കു തോന്നാവുണ്ടു്. ഗവൺമെണ്ടു് അവരെ അതിനു പ്രേരിപ്പിക്കയല്ലെ ചെയ്യുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പത്തും പന്ത്രണ്ടും രൂപ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ എങ്ങിനെയാണു് ഒരു കുടുംബം പുലർത്താൻ പ്രാപ്തരാകുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അതിനാൽ ജീവിതത്തിനുവേണ്ടി കൈക്കൂലി വാങ്ങിക്കുവാൻ നിർബ്ബന്ധിതരാകുന്ന പരിതഃസ്ഥിതിയിൽനിന്നു അവരെ രക്ഷിക്കുന്നതിനുവേണ്ടി താഴ്ന്ന ശമ്പളക്കാർക്കു ഇരുപത്തഞ്ചൊ മുപ്പതൊ രൂപ ശമ്പളം കൊടുക്കണമെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ വിരമിക്കുന്നു.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble Deputy President in the Chair.

*മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഇവിടെ ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന പ്രമേയം കൈക്കൂലി വാങ്ങുന്നതിനെപ്പറ്റി അന്വേഷണം നടത്തുവാൻ ഒരു കമ്മിറ്റി വേണമെന്നാണു്. പക്ഷെ, ഈ കൈക്കൂലി എന്നുള്ളതിന്റെ ഡെഫനിഷൻതന്നെ എനിക്കു മനസ്സിലായില്ല. ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാക്കു് ഉറപ്പിക, അണ, പൈ ആയി, അതായതു് പണമായി കൊടുത്താൽ മാത്രമേ കൈക്കൂലിയാകയുള്ളു; അതൊ മറ്റു ചിലതു കൊടുത്താലും കൈക്കൂലിയാകയില്ലെ, എന്നാണു് സംശയം. എന്തെന്നുവെച്ചാൽ ഞാൻ വിശ്വസിക്കുന്നതു്, മുഴുവനും പണമായിത്തന്നെ കൊടുക്കണമെന്നില്ല; ശുപാശ്ശി ചെയ്യുക, അതു് കേൾക്കുക, എന്നുവന്നാലും അതു് കൈക്കൂലിയാകുമെന്നാണു്. പിന്നെ അതു് അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ വെയ്ക്കുകയാണെങ്കിൽത്തന്നേയും ഈ ശുപാശ്ശി മുതലായ ദോഷങ്ങൾ ആ കമ്മിറ്റിക്കാക്കും വന്നു ബാധിച്ചേക്കാം. അതുകൊണ്ടു് ഇങ്ങിനെ ഒരു കമ്മിറ്റിയെ വെയ്ക്കുക എന്നുവെച്ചാൽ അതു മുഴുവൻ ശരിയാകുമെന്നു് എനിക്കു ബോദ്ധ്യമില്ല. ആ കമ്മിറ്റിയിലുള്ള മെമ്പർമാരും ഈ സേവക്കും ശുപാശ്ശിക്കും വിധേയരായേക്കാമെന്നുള്ളതുകൊണ്ടു് പിന്നെ ആ കമ്മിറ്റിയുടെ കാര്യങ്ങൾ അന്വേഷിക്കാൻ വേറെയൊരു കമ്മിറ്റിയെ വെയ്ക്കേണ്ടിവരും. (ഷെയിം, ഷെയിം). പിന്നെ അങ്ങിനെ ഒരു കമ്മിറ്റി രൂപീകരിക്കുകയാണെങ്കിൽ അതിൽ ഇവിടെയുള്ള ആളുകളല്ലാതെ പുറമെനിന്നു് നിഷ്പക്ഷമായി അന്വേഷിക്കാവുന്ന വല്ലവരേയും മെമ്പർമാരാക്കുകയായിരിക്കും ഭേദം. ഏതായാലും ഈ കൈക്കൂലിക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തേണ്ടതും അതില്ലായ്മ ചെയ്യുവാൻ വേണ്ട നടപടികളെടുക്കേണ്ടതും അത്യാവശ്യമാണു്. ആ സ്ഥിതിക്കു്, ഇവിടത്തെ ഗവൺമെണ്ടു് ഈ റെസലൂഷനെ എതുക്കാനാണു് ഭാവമെങ്കിൽ എനിക്കു് പറയാനുള്ളതു് വേറെ ഏതെങ്കിലും ഒരു കമ്മിറ്റിയെ വെക്കണമെന്നാണു്. പിന്നെ വേറൊരു കാര്യമാണു്, ഈ ചെറിയ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഇത്ര കൈക്കൂലിയും കൊള്ളരുതായ്മകളും ഉണ്ടായിത്തീരുന്നതിനുള്ള കാരണം എന്താണെന്നും ആലോചിക്കണം. അവക്കു് കുറച്ചൊക്കെ ജീവിക്കാൻ തരപ്പെടുന്ന വിധത്തിൽ ശമ്പളവും കൊടുക്കണം. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയിടയിലുള്ള കൈക്കൂലിയും ശുപാശ്ശയും ഇല്ലായ്മ ചെയ്യണം. പിന്നെ, ആദ്യംതന്നെ ഒരു കമ്മിറ്റിവെച്ചു് അന്വേഷണം നടത്തുക എന്നുവന്നാൽ, ചെറിയ ഉദ്യോഗസ്ഥന്മാരെ കുറിച്ചല്ല, മുകളിൽനിന്നുതന്നെ തുടങ്ങണം. മുകളിൽ കൈക്കൂലി, ശുപാശ്ശി മുതലായവ നിന്നാൽ ചുവട്ടിൽതന്നെ നില്ക്കും. ചുവട്ടിലുള്ളവരുടെ കൈക്കൂലിക്കു രണ്ടു കാരണമാണു്. അവക്കു് ശമ്പളം കുറവായതിനാലും മേലുദ്യോഗസ്ഥന്മാർ, കൈക്കൂലിയും ശുപാശ്ശിയും സ്വീകരിക്കുന്നവരായതിനാലുമാണു്. കൈക്കൂലിയും ശുപാശ്ശിയും മുകളിൽത്തന്നെയുണ്ടെന്നു് കണ്ടാൽ അതിനു തെളിവെടുത്തു് അവരെ ശിക്ഷിക്കണം. അങ്ങിനെ തെളിവുണ്ടാക്കുവാനും വളരെ വിഷമമാണു്. അങ്ങിനെ ഒരു കൈക്കൂലിയൊ ശുപാശ്ശിയൊ അന്വേഷിച്ചു് തെളിവുണ്ടാക്കുവാൻ പുറപ്പെട്ടാൽ അതിനു തെളിവുണ്ടാകാതിരിക്കുവാൻ കൈക്കൂലിയായി, ശുപാശ്ശിയായി. പിന്നെ ഇതുകൊണ്ടു് യാതൊരു ഫലവുമില്ല. പിന്നെ ഇതു കണ്ടുപിടിക്കും, കാര്യം വൈഷമ്യമാകുമെന്നു കണക്കാക്കി സമ്പാദ്യമൊക്കെ ബ്രിട്ടീഷിലൊ മറ്റൊ കൊണ്ടുപോയി ഭാര്യയുടെയൊ, അച്ഛന്റേയൊ, മറ്റു ബന്ധുക്കളുടേയൊ പേക്കാക്കി തുടങ്ങി. ഈ വിദ്യ ഇപ്പോൾ വളരെയധികം വ്യാപിച്ചിട്ടുണ്ടു്. ആ കൈക്കൂലി കണ്ടുപിടിക്കണം. അതു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ രീതിയിൽ അന്വേഷിച്ചാൽ കാണാൻ സാധിക്കുകയില്ല. അന്വേഷിക്കാൻ വളരെ അധികം ബുദ്ധിമുട്ടണ്ട്. ഈ കൈക്കൂലി കൊടുക്കുന്നു എന്നും മേടിക്കുന്നു എന്നും പറയുന്നതു് നിത്താതെകണ്ടു് നിവൃത്തിയില്ല. ഇതിങ്ങിനെ വളർന്നു വളർന്നു വളരെ വിഷമസ്ഥിതിയിൽ എത്തിയിട്ടുണ്ടു്. അതുകൊണ്ടു് ഒന്നിലൊ ഈ കൈക്കൂലി മതി എന്നു വെയ്ക്കുക, രമ്പളം വേണ്ട. രണ്ടുംകൂടി വേണ്ട.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ ഉദ്യോഗങ്ങൾക്കൊക്കെ ടെണ്ടർ വെച്ചാൽ എന്താ?

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഓ,ഹോ, യാതൊരു വിരോധവുമില്ല. ദിവാൻജിയുടെ ഉദ്യോഗത്തിനു് ടെണ്ടർ വെയ്ക്കുകയാണെങ്കിൽ കുറെയൊക്കെ കിട്ടും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മന്ത്രിയുടെ ഉദ്യോഗത്തിനു് ടെണ്ടർ വെച്ചാലൊ?

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: മന്ത്രിയുടെ ഉദ്യോഗത്തിനു ടെണ്ടർ വെച്ചാലും കിട്ടും. രമ്പളം ഉണ്ടാവുകകൊണ്ടാണു് വിഷമം. പിന്നെ ഗവർമ്മെണ്ടു് വലിയൊരു തെറ്റു ചെയ്തിട്ടുണ്ടു്. അതായതു് എന്തുകൊണ്ടു് ഈ കൈക്കൂലിക്കും ഇൻകം ടാക്സു് ചുമത്തിക്കൂടാ? ഈ ബ്ലാക്കു്മാർക്കറ്റിങ്ങു് വകയിൽ ഉണ്ടായ സമ്പാദ്യത്തിനു് ആദായനികുതി ചുമത്താമെങ്കിൽ തീച്ചയായും ഈ കൈക്കൂലിവകയിൽ സമ്പാദിച്ചതിനും ആദായനികുതി ചുമത്താം.

Mr. M. K. Raja *(Mulakunnathukavu)* : Sir, I am just intervening in this debate for a few minutes to refer to certain very general and important cosiderations covered by the resolution which has been moved by our Hon'ble Friend from Cheruthuruthi. Sir, it was Shakespeare, I think, who once referred in a very different context to a certain quality in man, the quality of mercy —it blesseth him who takes it and him that gives; it dropeth as the gentle rain from heaven. I believe there is something very similar, very analogous, between the quality of mercy and the vice of corruption and bribery that now seems to be rampant in our country. I do not concede that like the quality of mercy, bribery and corruption belong to the realm of heaven. I believe that they very much belong to the realm of hell. Corruption is a course coming up from the very depths of hell. It is a curse upon society, it is a curse upon officialdom, it is a curse upon the Government which permits corruption and bribery to exist in their land. Sir, it might be argued that it is not the Government officials who are responsible for this state of affairs existing in our country. It might be argued that unless there are two parties to this transaction, there cannot be so much of corruption and bribery. Unless there is somebody to offer bribe and encourage corruption and unless there is sombody who is prepared to take bribe and indulge in a little corruption, there cannot be corruption. There is another way also of justifying this as was done yesterday I think, by my Hon'ble Friend Mr. K. S. Panicker. He said: "after all, there is this voice prevailing in this country, it is an accepted fact, why not we take a more lenient view of it?" That is a very slippery and even dangerous argument. I am referring to this, because I have a lurking suspicion in my mind that the Government Secretary when he rises up to reply to the debate on this resolution which has been going on yesterday might take a stand similar to this in justifying his refusal to accept the principle of this resolution. I remember, Sir, John Thorne, the Home Member to the Government of India using the same arguement when the same charge was levelled againt the Government of India in the Centrall Assembly some time ago. But, Sir, the refutation of that argument isnot a very difficult thing. I ask, is this Government not concerned with the morals of the people as much as the morals of the officialdom? Is it not that the Government has under its patronage—I do not say under its active encouragement—allowed this condition to prevail in this country? Are not people who want to lead a peaceful and honest life denied the opportunities of doing so forcing them to resort to all sorts of black-marketing, bribery and corruption, to gain their personnel comforts? I shall just refer only to one instance. It is about the Food Supplies Department. Our Hon'ble Friend the Food Supplies Director will tell us that with regard to the hotels and restaurants of Cochin, no allotment of rice, no permit for rice is allowed for them toprepare andy dishes from rice; but we all of us k..ow it to be a fact, it is part of our daily experience that all these hotels prepare and sell dishes made from rice day in and day out. What does it mean? It means that these hotel propritors are seeking the aid of the black market to procure the rice they want. It means that the Government has created certain conditions under whichit is not possible for honest people to carry on their lives without resorting to the very vice which the Government says it is serious about eradicating from the country.

LIBRARY ARCHIVES Kerala Legislative Assembly

I said that it is not possible to have corruption and bribery in the country without there being two parties to it. So it is usual to argue that the only way of eradicating this dangerous evil from our body politic is to raise the morale, the spiritual level of the people, so that they might not stoop, they might not encourage the officials to stoop to such vile practices. That is why I ask, why does not the Government take measures not only to raise the moral level of the people, but also to raise the moral level of the officialdom also who is indulging in these vices?

Sir, there is also one other aspect of this question to which I would like to refer. This war and the conditions created by it have produced an unlimited scope for blackmarketing and for the vices of corruption and bribery in our country. People who have had absolutely nothing to fall back upon and who would not have been called by any stretch of imagination as rich people have suddenly, overnight, in a few months, amassed huge fortunes to the detriment and at the cost of the poor tax-payer and the labourer and the agriculturist of our country. This has resulted in a complete upsetting of the social balance in our country. I would say that the Government should accept this resolution so that they might take measures for remedying the situation and setting right the economic and social balance in our country which has been upset by continued existence of these practices. I do not want to degenerate the level of today's debate by citing instances of corruption and bribery of individual officers or for that matter anybody else. I suppose sufficient materials have been placed before this House by all members from this side and from the other sides also, sufficient materials have been placed before the Government to justify any civilised Government to sit up and think add to devise ways and means to justify their existence and try to eradicate this evil from the land. Let me just refer to one matter which came to my notice some two or three years back. That was in 1943. It was an incident which must expose thoroughly the hollowness of the plea that the Cochin Government is serious about the civil liberties of the people or that our Police are in any way interested in preserving it. I am referring to the case of Dr. K. B. Menon who was an accused in the now famous Kizhariyur Bomb Case. While he was residing in his house at Cheruthuruthi he was spirited away by a high Officer of the Cochin State Police Force on the false pretext that he was wanted by the Commissioner of Police and he was taken over to the other side of the Bharatha river and handed over to the British Police waiting for him there. I sent up a question regarding this two sessions before this, asking the Government what they have done regarding this, and strangly enough, that question was disallowed on the plea that it could not be answered consistent with the public interests. Sir, it is a very strange plea. If it is in public interests to spirit away a respectable gentleman from his house and hand him over to the police in another country, is it not in the public interests that the whole matter must be placed befor this house and this house must be satisfied that the civil liberties of the citizens are not unnecessarily curtailed ar taken away? It was just like the case of General Dyer who for his brilliant performance at the Jallianwallabagh was promoted in his rank in the Military and he was given all honours, even before he appeared before the Hunter Committee which enquired into his actions similarly. This high Police Officer of our State, instead of being taken to task for a grave breach of international records acd decency, was allowed to take a small amount as the prize of his action from the Madras Government. That is what is happening in our State. I would even go the extent of saying that the resolution as it stands and its scope should be made wider. I do not want that the Government should set up a committee to enquire into the misbehaviour and into the corruption of officials alone. I say there are many other sections of the people who have been operating under the aegia of the government, under the patronage of the government, like the contractors and so many other sections of the people who have been, if anything, indulging in viler forms of corruption than Government officials. Why not we include those people also in the scope of the resolurion? After a proper enquiry before a properly constituted tribunal, these blackmarketeers who have amassed fabulous wealth sometimes even running to lakhs, should be made to disgorge their ill-gotten wealth. Have we any dearth of post-war schemes? The Government have been telling us that many measures costing lakhs and lakhs of rupees have been held up for want of funds, at least in some cases. I say, why not and utilise this money for these matters and use it to finance the more important post-war reconstruction schemes?

I do hope, Sir, that the Government will not find any difficulty in accepting at least the principle of this resolution. I hope they will not trot out meaningless technical difficulties. I know there are technical difficulties in the way. For example, it may be difficult to gather evidence in such cases. It may not be possible to bring the people before the tribunal in sufficient numbers, people who are in the know of things, and persuade them to give evidence before ordinary courts of enquiry. But don't stand on these technicalities and refuse to accept this

LIBRARY ARCHIVES Kerala Legislative Assembly

principle. Because, I say that a tribunal can be constituted and as my Hon'ble Friend the Jenmi Member said, we can very well start by appointing a high judicial officer from outside the State to preside over the tribunal. That tribunal can take evidence in secret. There will be no dearth of people coming forward to give evidence before a body so constituted. We have repeatedly said that we on this side of the House are prepared to place all the evidence that have come before us before the tribunal and the tribunal can take evidence in camera and both the witnesses and those taking evidence can be bound by the provisions of the Official Secrets Act.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Will it not be advisable to give protection to those who gave bribes ?

Mr. M. K. Raja *(Mulakunnathukavu):* They can be given immunity as also those people who will be prepared to give evidence. I ask where is the objection to accept this very reasonable, sweetly reasonable, suggestion ?

Mr. P. Kumaran Exhuthassan *(Vadakkancheri):* They are going to accept it.

Mr. M. K. Raja *(Mulakunnathukavu):* Before concluding, I would like to sound a note of warning to this Government. My friend Mr. Ayyappan yesterday said that there is danger in the Government accepting this and also in the Government not accepting the principle of this resolution.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* There is no danger in accepting it.

Mr. M. K. Raja *(Mulakunnathukavu):* Very well, I stand corrected. Anyway, he said there is danger in the Government not accepting it. That is all my point. If the Government by any reason fail to countenance the proposition that we have put before it, I say the Government will be laying open to the charge of openly encouraging blackmarketing and.....

Mr. Puthur Achutha Menon *(Kattur):* It is admitted by the Government that they encourage.

Mr. M. K. Raja *(Mulakunnathukavu):* I don't think. I ask the Government, is the Government by the passive attitude that it might adopt on this important topic, going to allow the blood-suckers and anti-social elements of our country who have fattened themselves upon the labours of the poor agriculturists and the labourers of this country to creep under their protective wings and carry on their nefarious activities as they have been doing all this time ? That is the question which I am placing before the Government. Let me say, the Cochin Government is on their trial. Their integrity, their honesty, their very existence as a civilised and a progressive government is in question. What is the answer that they are going to give ? Sir, we are waiting for that answer.

ചൌധുരി ജി. എസ്സ്. ധാരാസിംഗ് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇതിനെകുറിച്ചു സംസാരിക്കുമ്പോൾ ഗവമ്മേണ്ടുദ്യോഗസ്ഥന്മാരുടെ വ്യക്തിപരമായ തെറ്റുകളെയും അഴിമതികളേയും സംബന്ധിച്ചു മാത്രം പറഞ്ഞാൽ പോരാ, പക്ഷേ ഇന്നത്തെ ഗവമ്മേണ്ടിന്റെ ഭരണനയത്തെക്കുറിച്ചും കുറച്ചൊക്കെ പറയാതെ തരമില്ല. ഇങ്ങിനെ നോക്കുമ്പോൾ ഇന്നത്തെ ഗവമ്മേണ്ടിന്റെ നിരുത്തരവാദിത്വവും ഹൃദയശൂന്യതയും അനാസ്ഥയും നാട്ടിലെങ്ങും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൈക്കൂലി പ്രസ്ഥാനവും അഴിമതികളും ചെയ്യാനുള്ള വാസനയും നീതിബോധം ഇല്ലായ്മയും പരത്തുവാൻ വളരെയധികം സഹായിച്ചിട്ടുണ്ടെന്നു ഞാൻ അസന്ദിഗ്ദ്ധമായ ഭാഷയിൽ ഇവിടെ ഉന്നി പറയുവാൻ ആഗ്രഹിക്കുന്നു. കാരണം, ഈ താഴ്ന്ന ഉദ്യോഗസ്ഥന്മാക്ക് സാധാരണ ജീവിക്കുവാൻ പോലും മതിയാവാത്ത തരത്തിൽ വളരെ തുച്ഛമായ ശമ്പളം ഗവമ്മേണ്ടു് ഭിക്ഷയെന്നോണം നൽകും. അതുകൊണ്ടു അവരുടെ കുഞ്ഞുകുട്ടികൾക്കും അവരുടെ കുടുംബത്തിനു രക്ഷനൽകുവാൻ കഴിയുന്നില്ല. അങ്ങിനെ വരുമ്പോൾ മറ്റു വഴികളിൽക്കൂടി ഇത്തരം കൈക്കൂലികളും മറ്റും വാങ്ങി അവരെ പോറ്റാതെ നിവൃത്തിയില്ല. അങ്ങിനെ അവർ തന്നത്താൻ അധഃപതിക്കുന്നു. ഇതു ഗവമ്മേണ്ടു കണ്ണുംപൂട്ടി നോക്കികൊണ്ടിരിക്കുന്നു.

രണ്ടാമതു അടുത്തുണ്ടായ ചില അക്രമപരമായ നിയമങ്ങൾ അതായതു് ഡിഫൻസ് ഓഫ് ഇന്ത്യാ ആക്ടിന്റെ സഹായത്താൽ, നിസ്സാരന്മാരായ ഉദ്യോഗസ്ഥന്മാക്ക് പോലീസ് കമ്മീഷണരുടേയും മജിസ്ട്രേട്ടിന്റേയും മറ്റും അധികാരം നൽകീട്ടുണ്ടു്. അധികാരം ഉപയോഗിച്ചു ഏതെങ്കിലും കേസുകൾ പിടിച്ചു കഴിഞ്ഞാൽ ഉടനെ അവരുടെ ജീവിതകാലത്തിൽ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള പച്ചനോട്ടുകളുടെ കെട്ടുകളും മറ്റും അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടും. അങ്ങിനെ നടക്കുവാൻ സാധിക്കാത്ത പ്രലോഭനത്തിൽപെട്ടു, മുമ്പിൽ ക

LIBRARY ARCHIVES Kerala Legislative Assembly

